പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2296** — **01.04.2013-ലെ മറുപടിക്ക്**

**എം.ബി.ബി.എസ്. പരീക്ഷയിലെ ക്രമക്കേട്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീമതി പി. ആയിഷാ പോറ്റി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇക്കഴിഞ്ഞ എം.ബി.ബി.എസ്. പരീക്ഷയിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ ;<br><br>(ബി) കേരള ആരോഗ്യ സർവ്വകലാശാല ഇക്കാര്യത്തിൽ ഫലപ്രദമായ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ; | (എ) & (ബി)<br>2011 സെപ്റ്റംബറിൽ നടത്തിയ എം.ബി.ബി.എസ്. പരീക്ഷയിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ ചില ചോദ്യങ്ങൾ ആവർത്തിക്കുകയുണ്ടായി. ക്വസ്റ്റ്യൻ പേപ്പർ ബാങ്കിൽ നിന്നും കമ്പ്യൂട്ടർ തിരഞ്ഞെടുക്കുന്ന ചോദ്യപേപ്പറുകളാണ് ഓൺലൈനായി പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നത്. മുൻപ് നടന്ന പരീക്ഷയിലെ ചോദ്യങ്ങൾ ഒഴിവാക്കുന്നതിനുള്ള തീരുമാനം സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. പരീക്ഷ സംബന്ധിച്ച് മറ്റ് ക്രമക്കേടുകൾ ഒന്നും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇല്ലെങ്കിൽ ഈ പശ്ചാത്തലത്തിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം അവലോകനം ചെയ്യാൻ തയ്യാറാകുമോ ; | (സി) ബാധകമല്ല. |
| (ഡി) സർവ്വകലാശാലയുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി ഗവേണിംഗ് കൗൺസിലിനെ മാറ്റി പകരം ജനാധിപത്യ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ? | (ഡി) കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ സ്റ്റാറ്റ്യൂട്ട് രൂപീകൃതമാകുന്ന മുറയ്ക്കുമാത്രമേ ജനാധിപത്യ വ്യവസ്ഥയിൽ മറ്റു സർവ്വകലാശാലകളിൽ ഉള്ളത് പോലെ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ